(a) വെള്ളാരപ്പിള്ളി പഞ്ചായത്തു പ്രസിഡെണ്ട് ഇപ്പോൾ ആരാണ്? അദ്ദേഹം പ്രസിഡെണ്ടായിട്ടു എത്ര കാലമായി; കാലാവധി കഴിഞ്ഞുവോ; കഴിഞ്ഞെങ്കിൽ എന്നാണ്;

(b) (i) കാലാവധി കഴിഞ്ഞ പ്രസിഡെണ്ടാണോ ഇപ്പോഴും ചാർജ്ജ് വഹിക്കുന്നതു;

(ii) ഏതെങ്കിലും മെമ്പർമാർക്കു ചാർജ്ജ് കൊടുക്കുന്നതിനു വിരോധമുണ്ടോ;

(iii) പ്രസിഡെണ്ടിന്റെ തിരഞ്ഞെടുപ്പു നടത്തുന്നതിൽ എന്താണ് വിരോധം;

(iv) ഇപ്പോൾ എത്ര മെമ്പർമാരുണ്ട്;

(v) ടി മെമ്പർമാർ ടി കായ്ത്തെപ്പറ്റി രജിസ്ട്രാർക്കു വല്ല ആക്ഷേപമൊ അപേക്ഷയൊ അയച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതെന്താണ്;

(vi) അതിന്റെ ഒരു പകർപ്പ് മേശപ്പുറത്തു വെയ്ക്കാമൊ?

മിസ്റ്റർ പി. വി. റാഫേൽ.—(a) മ. രാ. രാ. പാറക്കൽ കൊച്ചുപൌലൊ യോഹന്നാൻ അവർകളാണ് പ്രസിഡെണ്ടു്. അദ്ദേഹം പ്രസിഡെണ്ടായിട്ടു ഏകദേശം രണ്ടു കൊല്ലത്തോളമായി. ഫ്രാൻസ് കുംഭം ഫ-ാംനു-യോടുകൂടി ടിയാന്റെ സ്ഥാനം കഴിഞ്ഞതോടുകൂടി പ്രസിഡെണ്ടിന്റെ കാലാവധിയും കഴിഞ്ഞു.

(b) (i) അതെ.

(ii) അങ്ങിനെ ചെയ്യുവരാറില്ല.

(iii) കാലാവധി കഴിഞ്ഞ മെമ്പർമാരുടെ സ്ഥാനത്തേക്കു പുതിയ മെമ്പർമാരെ നിയമിക്കുകയൊ തിരഞ്ഞെടുക്കുകയൊ ചെയ്യാതെ പ്രസിഡെണ്ടു് തിരഞ്ഞെടുപ്പു നടത്തുവാൻ ന്യായമില്ല.

(iv) അഞ്ചു മെമ്പർമാർ ഇപ്പോൾ ഉണ്ടു്.

(v) അയച്ചിട്ടുണ്ടു്. ഹർജിയുടെ തിയ്യതി ഫ്രാൻസ് എടവം ന്യ-ാംനു- ആണു്.

(vi) പകർപ്പ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— കാലാവധി കഴിഞ്ഞ മെമ്പർമാർ ഇപ്പോൾ എത്രപേരുണ്ടു്?

മിസ്റ്റർ പി. വി. റാഫേൽ.—രണ്ടുപേരുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതിനെപ്പറ്റി ആക്ഷേപം കൊടുത്തിട്ടു് എത്ര മാസമായി?

മിസ്റ്റർ പി. വി. റാഫേൽ.—ആക്ഷേപത്തെക്കുറിച്ചു ഫൈനൽ ആർഡേഴ്സായിട്ടു ഒരു മാസമായിട്ടില്ല.

Election of Vellarappilli Panchayat President.

55. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— വെള്ളാരപ്പിള്ളി പഞ്ചായത്തു് പ്രസിഡെണ്ടിന്റെ കാലാവധി കഴിഞ്ഞിട്ടു രണ്ടാമതു തിരഞ്ഞെടുപ്പുണ്ടായൊ; അതിന്റെ ഫലമെന്താണ്; അതി

LIBRARY ARCHIVES Kerala Legislative Assembly

നെപ്പറ്റി വല്ല ആക്ഷേപവുമുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; അതിനെപ്പറ്റി എന്തു നടപടി നടത്തി; തിരഞ്ഞെടുപ്പ് എന്നാണ് ഉണ്ടായത്; അതിൽ ജയിച്ചത് ആരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—പ്രസിഡെണ്ടിന്റെ കാലാവധി കഴിഞ്ഞതിനുശേഷം വേറെ പ്രസിഡെണ്ടിനെ തിരഞ്ഞെടുത്തിട്ടില്ല. എന്നാൽ തിരഞ്ഞെടുപ്പു നടത്താത്തതിനെ ആക്ഷേപിച്ചു ഹർജി കിട്ടീട്ടുണ്ടായിരുന്നു. മെമ്പർമാരുടെ തിരഞ്ഞെടുപ്പു കാര്യത്തിൽ കിട്ടീട്ടുള്ള ആക്ഷേപങ്ങളെപ്പറ്റി തീർപ്പു ചെയ്യാത്തതിനാലും ഒഴിവുള്ള ഒരു മെമ്പറെ നോമിനേറ്റു ചെയ്തിട്ടില്ലാത്തതിനാലും പ്രസിഡെണ്ടു തിരഞ്ഞെടുപ്പു നടത്തുവാൻ സാധിച്ചിട്ടില്ല.

Complaints against Panchayat elections conducted by Tahsildars.

56. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ ചോദ്യത്തിനു ദയവായി മറുപടി പറയാമോ.—

താസിൽദാർമാർ നടത്തിയ പഞ്ചായത്തു തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു ഫാറം വ-ലും ഫാറം ൻ-ലും എത്ര ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്; അന്വേഷണം നടത്തി എത്ര തിരഞ്ഞെടുപ്പുകളാണ് രണ്ടാമതു നടത്തുവാൻ കല്പിച്ചിട്ടുള്ളതു; ആ പഞ്ചായത്തുകളുടെ പേര് എന്താണ്?

മിസ്റ്റർ പി. വി. റാഫേൽ.—ഫാറം വ-ൽ രണ്ടും, ഫാറം ൻ-ൽ മൂന്നും ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്. ഫാറം വ-ലും, ഫാറം ൻ-ലും ഓരോ തിരഞ്ഞെടുപ്പുകൾ രണ്ടാമതു നടത്തുവാൻ കല്പിച്ചിട്ടുണ്ട്. അയത്തു് ഒല്ലൂക്കര പഞ്ചായത്തിലും വെള്ളാരപ്പിള്ളി പഞ്ചായത്തിലുമാണ്.

Parappukara Ayurvedic dispensary—shifting of.

57. Mr. T. A. Ramachandra Ayyar.—Will the Government be pleased to state:—

(a) whether there is a proposal to shift the Parappukara Ayurvedic dispensary from its present place;

(b) was there any protest from the public regarding this;

(c) which is the place to which it is proposed to be shifted;

(d) how many private dispensaries are there near this place;

(e) what are the reasons for this shifting;

(f) will they be pleased to place the connected file on the table?

Mr. P. V. Raphael.—(a) Yes.

(b) Yes.

(c) Nandikara.

(d) There is no definite information. There is, however one at this place.

LIBRARY ARCHIVES Kerala Legislative Assembly